15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513 | 13-02-2024 - ൽ മറുപടിയ്ക്ക്

സർഫാസി, സിബിൽ സ്കോർ എന്നിവ മൂലമുള്ള ബുദ്ധിമുട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർഫാസി ആക്റ്റ്, സിബിൽ സ്കോർ സംവിധാനം തുടങ്ങിയവ മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും നിർദ്ദേശപ്രകാരം നിലവിലെ നിയമ വ്യവസ്ഥിതികൾ അനുസരിച്ചാണ് സർഫാസി ആക്റ്റ്, സിബിൽ സ്കോർ തുടങ്ങിയവ സംസ്ഥാനത്തെ ബാങ്കുകൾ ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് സർഫാസി നിയമം കർശനമായി നടപ്പിലാക്കിയതുവഴി ജനങ്ങൾക്കിടയിൽ സൃഷ്ടിച്ച വ്യാപകമായ ആശങ്കകളും, ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും, ആക്റ്റിന്റെ സെക്ഷൻ 31 ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനായി കേരള നിയമസഭ 21/08/2017 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സർഫാസി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | ഇവ മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും നിർദ്ദേശപ്രകാരം നിലവിലെ നിയമ വ്യവസ്ഥിതികൾ അനുസരിച്ചാണ് സർഫാസി ആക്റ്റ്, സിബിൽ സ്കോർ തുടങ്ങിയവ സംസ്ഥാനത്തെ ബാങ്കുകൾ ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് സർഫാസി നിയമം കർശനമായി നടപ്പിലാക്കിയതുവഴി ജനങ്ങൾക്കിടയിൽ സൃഷ്ടിച്ച വ്യാപകമായ ആശങ്കകളും, ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും, ആക്റ്റിന്റെ സെക്ഷൻ 31 ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനായി കേരള നിയമസഭ 21/08/2017 ന് ഐകകണ്ഠ്യേന പാസ്സാക്കിയ |

| | | | |
|---|---|---|---|
| | | | പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സർഫാസി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |
| (സി) | സിബിൽ സ്കോർ സംവിധാനത്തിലൂടെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന നടപടി റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും നിർദ്ദേശപ്രകാരം നിലവിലെ നിയമ വ്യവസ്ഥിതികൾ അനുസരിച്ചാണ് സർഫാസി ആക്റ്റ്, സിബിൽ സ്കോർ തുടങ്ങിയവ സംസ്ഥാനത്തെ ബാങ്കുകൾ ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് സർഫാസി നിയമം കർശനമായി നടപ്പിലാക്കിയതുവഴി ജനങ്ങൾക്കിടയിൽ സൃഷ്ടിച്ച വ്യാപകമായ ആശങ്കകളും, ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും, ആക്റ്റിന്റെ സെക്ഷൻ 31 ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനായി കേരള നിയമസഭ 21/08/2017 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സർഫാസി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ